**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**എഡി.സി6/29830/എച്ച്.എസ്.ഇ/2014** **തീയതി : 30.08.2014**

# സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അദ്ധ്യാപകരുടെ വിശദാംശങ്ങൾ - നൽകുന്നത് - സംബന്ധിച്ച് -

2014-2015-ലെ പൊതുസ്ഥലംമാറ്റത്തിന് മുൻപ് നിലവിൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ജോലി നോക്കുന്ന അദ്ധ്യാപകരുടെ സർവ്വീസ് വിശദാംശങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ചില അദ്ധ്യാപകരുടെ ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളുകളിൽ അവരുടെ വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. പൊതുസ്ഥലംമാറ്റം നടക്കുമ്പോൾ പ്രസ്തുത സ്കൂളുകളിൽ ഒഴിവായി കാണുകയും സ്ഥലംമാറ്റത്തിൽ ടി സ്കൂളുകളിലേക്ക് അദ്ധ്യാപകർ സ്ഥലംമാറ്റം ലഭിച്ച് വരുന്ന സാഹചര്യവും ഉണ്ടാകും. ഇത് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരും അദ്ധ്യാപകരും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകൻ / അദ്ധ്യാപികയുടെ സ്കൂളിന്റെ Admin Id-യിൽ (www.hscap.gov.in/transfer) മുഴുവൻ സർവ്വീസ് വിശദാംശങ്ങളും ഉണ്ടെന്ന് അതാത് പ്രിൻസിപ്പാൾമാരും അദ്ധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്. Appendix XII A, XII B, XII C ഒഴികെ (അവധിയിൽ പ്രവേശിച്ച അദ്ധ്യാപകരുടേതുൾപ്പെടെ)

2) ഏതെങ്കിലും അദ്ധ്യാപകന്റെ സർവ്വീസ് വിശദാംശങ്ങൾ പ്രസ്തുത അദ്ധ്യാപകൻ / അദ്ധ്യാപിക മുൻപ് സേവനമനുഷ്ഠിച്ചിരുന്ന സ്കൂളിന്റെ Admin Id-യിൽ ആണെങ്കിൽ അത്തരം അദ്ധ്യാപകരുടെ വിശദാംശങ്ങൾ ചുവടെ കാണിച്ചിട്ടുള്ള മാതൃകയിൽ **dhse2014@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്. അതോടൊപ്പം 2013 - 2014 വർഷത്തെ പൊതുസ്ഥലമാറ്റത്തിലോ മറ്റ് തരത്തിലോ മാറ്റം ലഭിച്ച അദ്ധ്യാപകരിൽ ചില അദ്ധ്യാപകർ മെറ്റേണിറ്റി ലീവ് എടുത്തിട്ടുള്ളതിനാൽ സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരിക്കുന്ന അവസ്ഥയിൽ, പ്രസ്തുത സ്കൂൾ 2014 - 2015 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ ഒഴിവായി കണക്കാക്കാതിരിക്കുന്നതിനായി ടി വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങളും ചുവടെ കാണിച്ചിരിക്കുന്ന മാതൃകയിൽ വിശദാംശങ്ങൾ മുകളിൽ പറഞ്ഞിട്ടുള്ള ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

| | | |
|---|---|---|
| Name of Teacher | : | |
| Teacher ID | : | |
| Name of School & Code now working | : | |
| Name of transferred school and school code | : | |
| Designation | : | |
| Contact Phone Number | : | |

പൊതുസ്ഥലം 2014 – 14 വർഷത്തിൽ അനുകമ്പാർഹ വിഭാഗത്തിൽ സ്ഥലംമാറ്റത്തിന് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ അപേക്ഷയുടെ ഹാർഡ് കോപ്പി പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി പ്രിൻസിപ്പാളിന്റെ ആമുഖ കത്തോടെ 05.09.2014, 5.00 പി.എം–ന് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
എൻ.സുനിൽ കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

23/Jay/01.09.14